## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

24.01.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 553

### വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. വിൻസെന്റ് | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | മുൻസർക്കാരിന്റെ കാലത്ത് വ്യവസായ മേഖലയിൽ കേന്ദ്രനിക്ഷേപതോത് ഏത് വിധത്തിലായിരുന്നു; ഏതൊക്കെ പദ്ധതികൾക്കാണ് ധനസഹായം ലഭിച്ചിട്ടുള്ളത് ; | (എ) | ക്ലസ്റ്റർ വികസന പദ്ധതികൾക്കായി ധനസഹായമായി 2011-12 വർഷത്തിൽ 1,20,96,000/- രൂപയും 2012-13 വർഷത്തിൽ 52,56,676/-രൂപയും 2013-14 വർഷത്തിൽ 1 കോടി രൂപയും 2014-15 വർഷത്തിൽ 1,63,44,800/- രൂപയും, മുളമേഖലയുടെ വികസനത്തിനായി നാഷണൽ ബാംബൂ മിഷനിൽ നിന്നും 2013-14 സാമ്പത്തിക വർഷത്തിൽ 96.23 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 109.534 ലക്ഷം രൂപയും ലഭിച്ചു.<br>മെഗാഫുഡ് പാർക്കിനായി 50 കോടി രൂപയും 2015 ൽ ഗ്രാന്റായി അനുവദിക്കുകയും അതിൽ 15 കോടി രൂപ ലഭിക്കുകയും ചെയ്തു. കേന്ദ്ര വുമൺ ആന്റ് ചൈൽഡ് മന്ത്രാലയത്തിൽ നിന്നും 2010-11 ൽ 265 ലക്ഷം രൂപയും 2012- 13 ൽ 212 ലക്ഷം രൂപയും 2016 ൽ 97.99 ലക്ഷം രൂപയും കെ എസ് ഐ ഡി സി യ്ക്ക് ലഭിച്ചു.<br>ASIDE സ്കീമിൽ നിന്നും വനിതാ സംരംഭകർക്കായി WE സ്പേസ് ഒരുക്കുന്നതിനായി 2016-17 ൽ 10 കോടി രൂപയും ലഭിച്ചു. കൂടാതെ, കേരള |

| | | | |
|---|---|---|---|
| | | | ബഡ്ജറ്റിലൂടെ ഒറ്റത്തവണ അധികകേന്ദ്ര സഹായമായി സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിയ്ക്ക് 2012-13 ൽ 12.21 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും 5.16 കോടി രൂപ മാത്രമേ ലഭിച്ചുള്ളൂ. നാളികേര വ്യവസായ പാർക്കിനായി 2015-16 ൽ 7.02 കോടി രൂപ ഇതേ രീതിയിൽ കെ എസ് ഐ ഡി സി യ്ക്ക് അനുവദിച്ചിട്ടുണ്ട്.<br>മുൻ സർക്കാരിന്റെ കാലത്ത് ഇന്റഗ്രേറ്റഡ് ഹാന്റ് ലൂം ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി കൈത്തറി ക്ലസ്റ്ററുകൾക്കായി 1274.71652 ലക്ഷം രൂപ അനുവദിച്ചതിൽ നിന്നും 1033.54535 ലക്ഷം ചെലവഴിക്കുകയും 241.17047 ലക്ഷം രൂപ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.<br>കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സെയിൽ -എസ് സി എൽ - നിന്നും 2011-12 സാമ്പത്തികവർഷം 3 കോടി രൂപയും 2012-13 ൽ 9.71 കോടി രൂപയും 2014-15 ൽ 3.51 കോടി രൂപയും 2015-16 ൽ 1.50 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ 2016 മെയ് മാസത്തിന് മുൻപായി 1 കോടി രൂപയും ലഭിച്ചു.<br>കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ASIDE സ്കീമിന്റെ നോഡൽ ഏജൻസിയായിരുന്ന കിൻഫ്രയ്ക്ക് 12 വിവിധ പദ്ധതികൾക്കായി 2011-12 സാമ്പത്തിക വർഷം 1852 ലക്ഷം രൂപയും 2012-13 ൽ 1662 ലക്ഷം രൂപയും 2013-14 ൽ 2094 ലക്ഷം രൂപയും 2014-15 ൽ 2094 ലക്ഷം രൂപയും ലഭിച്ചു.<br>2015 ൽ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഈ പദ്ധതി നിർത്തലാക്കി. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മേല്പറഞ്ഞ മേഖലയിൽ ഏതൊക്കെ പുതിയ പദ്ധതികൾക്കാണ് ധനസഹായം ലഭിച്ചതെന്ന് വിശദമാക്കമോ ? | (ബി) | എം. എസ് ഇ-സി ഡി പി പദ്ധതി പ്രകാരം 19.68 കോടി രൂപയുടെ അനുമതി ലഭിച്ചു എന്നാൽ തുക ലഭിച്ചിട്ടില്ല. ക്ലസ്റ്റർ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം 4,32,28,473/- രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 10,13,45,100/- രൂപയും ലഭിച്ചു.<br>മാനുഫാക്ചറിംഗ് ഇൻഡസ്ട്രിയൽ സോണിനായി 2016-17 ൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 8 കോടി രൂപ അനുവദിച്ചു സ്ത്രീകൾക്കായുള്ള ആശ്രയ പദ്ധതിയ്ക്കായി 2017-18 ൽ 80 ലക്ഷം രൂപ ലഭ്യമായി.<br>എൻ എച്ച് ഡി പി പ്രകാരം ബ്ലോക്ക് ലെവൽ ക്ലസ്റ്ററുകൾക്ക് 863.757 ലക്ഷം രൂപ ധനസഹായമായി അംഗീകരിക്കുകയും 285.89 ലക്ഷം രൂപ ആദ്യഗഡുവായി ലഭിക്കുകയും ചെയ്തു.<br>സെയിലിൽ നിന്നും 1.10 കോടി ധനസഹായം ലഭിച്ചു.<br>ഡിഫെൻസ് പാർക്ക് , മെഗാ ഫുഡ് പാർക്ക് എന്നീ പദ്ധതികൾക്കായി കേന്ദ്രസർക്കാരിൽ നിന്നും യഥാക്രമം 15 കോടി രൂപ വീതം ധനസഹായമായി ലഭിച്ചു |

Bindu T

**സെക്ഷൻ ഓഫീസർ.**